

നീതി
സമത്വം
സ്വാതന്ത്ര്യം
സാഹോദര്യം
ശാസ്ത്രബോധം

# നമ്മൾ ജനങ്ങൾ

## We The People

### ശാസ്ത്രകലാജാഥ


രചന : സുരേഷ്ബാബു ശ്രീസ്ഥ
ഗാനരചന : എം.എം.സചീന്ദ്രൻ
സംഗീതം : പ്രേംകുമാർ വടകര
**സംവിധാനം : മനോജ് നാരായണൻ**



**കേരള ശാസ്ത്രസാഹിത്യ പരിഷത്ത്**

# നമ്മൾ ജനങ്ങൾ
# We the People

ഇന്ത്യൻ നിയമവാഴ്ചയുടെ അടിത്തറയാണ് നമ്മുടെ ഭരണഘടന. ജനതയുടെ ജീവിതക്രമത്തിന്റെ ദിശാസൂചികയും സാമൂഹികപുരോഗതിക്കുള്ള ഉപകരണവുമാണത്. അവകാശ സംരക്ഷണത്തിനുള്ള പ്രമാണമായും നീതിന്യായ മാർഗരേഖ യായും പ്രവർത്തിക്കുക എന്നത് ഭരണഘടനയുടെ ലക്ഷ്യമാണ്. ഇന്ത്യയെ ഒരു പരമാധികാര, സോഷ്യലിസ്റ്റ്, മതനിരപേക്ഷ, ജനാധിപത്യ റിപ്പബ്ലിക്കായി സംവിധാനം ചെയ്യുന്നതിനും ഇന്ത്യയിലെ എല്ലാ പൗരന്മാർക്കും സാമൂഹികവും, സാമ്പത്തികവും, രാഷ്ട്രീയവുമായ നീതിയും, ചിന്ത, ആശയാവിഷ്കാരം, വിശ്വാസം, മതനിഷ്ഠ, ആരാധന എന്നിവക്കുള്ള സ്വാതന്ത്ര്യവും നമ്മുടെ ഭരണഘടന ഉറപ്പുനൽകുന്നു. ഭരണഘടനയുടെ മൂല്യങ്ങൾ പടുത്തുയർത്തിയിരിക്കുന്നത് നീതി, സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ നാലുതൂണുകളിലാണ്. സമത്വം എന്ന സങ്കല്പനം ജാതി-മത-വംശ-ലിംഗവ്യത്യാസമില്ലാതെ എല്ലാവർക്കും അനുഭവപ്പെടാനാകണമെന്നാണ് ഭരണഘടന ലക്ഷ്യമിടുന്നത്. ശാസ്ത്രാവബോധം വളർത്തുക, അന്വേഷണത്വരയും മാനവികമൂല്യങ്ങളും വികസിപ്പിക്കുക, പരിഷ്കരണ ക്ഷമത ഉറപ്പുവരുത്തുക എന്നതും മൗലികമായ കർത്തവ്യമായി കണക്കാക്കിയിരിക്കുന്നു. സമകാലിക സമൂഹത്തിലെ ഗതിവിഗതികളെ ഇന്ത്യൻ ഭരണഘടനയുടെയും മതനിരപേക്ഷതയുടെയും ലിംഗനീതിയുടെയും പശ്ചാത്തലത്തിൽ അനാവരണം ചെയ്യുകയാണ് കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ ഈ വർഷത്തെ ശാസ്ത്രകലാജാഥ.

*(നൃത്തച്ചുവടുകളോടെ വരുന്ന സംഘം)*

തട്ടുനിരത്തി
ചെത്തിമിനുക്കി
നട്ടുനനച്ചൊരു പൂക്കാലം
ഞങ്ങടെ നാടിൻ നന്മകളൊന്നായ്
വിരിയും കാലം പൂക്കാലം
പലനിറമായി
പല മണമായി
പലമകൾ പുലരും പൂക്കാലം
പല കാലത്തിൻ ഉറവകളൊന്നായ്
പൂക്കും കാലം പൂക്കാലം.
ഓണമഞ്ഞപ്പുടവ ചുറ്റി പട്ടുടുത്തോരേ, നേരിൻ
വെണ്മ വാരിപ്പുതച്ചോരേ പൂത്തുനിൽപ്പോരേ
ചേമന്തി, ചെണ്ടുമല്ലി മല്ലികപ്പൂവേ നിങ്ങൾ ചേരുന്നോരൂരിതല്ലോ
ചെമന്തിയൂര്

*(അവതരണഗാനത്തോടൊപ്പം വേദിയിലേക്ക് വന്നടുക്കുന്ന വൃദ്ധനായ കുഞ്ഞാലിക്ക)*

**കുഞ്ഞാലിക്ക :** (പ്രേക്ഷകരോട്) ഇതാ ഞമ്മടെ ചെമന്തിയൂര്.. പൂക്കള് കൃഷി ചെയ്തിട്ടാ ഈ മലകൾക്ക് താഴെ നമ്മള് ജീവിക്കുന്നത്. *(ഭാവമാറ്റത്തോടെ)* ഈ പൂപ്പാടത്തെ പൂക്കളെപ്പോലെ തന്ന്യാ ഞമ്മടെ നാട്ടുകാരും.. പൂപ്പോലത്തെ മനസ്സുള്ളോര്.!!!

*(അപ്പോഴേക്കും എവിടെ നിന്നോ ഉയരുന്ന ഒരു പെൺകുട്ടിയുടെ വിളി)*

**പൂമ്പൊടി** : കുഞ്ഞാലിക്കാ കുഞ്ഞാലിക്കാ

*(ഒരുവേള പുറത്തേക്കുനോക്കി ആ വിളി കേട്ടുകൊണ്ടെന്നോണം)*

**കുഞ്ഞാലിക്ക :** ഓ ഞമ്മളിവിടെ ഉണ്ടെടീ മോളെ

*(എന്നിട്ട് പ്രേക്ഷകരോട്)*

**കുഞ്ഞാലിക്ക :** അവളാ.. പൂമ്പൊടി!! ഈ ചെമന്തിയൂരിന്റെ മൊട്ട്!! ന്റെ ചേന്നന്റെ മോള് !!

*(അപ്പോഴേക്കും അവിടേക്ക് കയ്യിൽ പൂക്കൂടയുമായി വരുന്ന പതിനേഴ് വയസ്സോളം പ്രായമുള്ള ഒരു പെൺകുട്ടി പൂമ്പൊടി)*

**പൂമ്പൊടി :** *(കുസൃതിയോടെ)* അത് ശരി. കുഞ്ഞാലിക്ക ഇവിടെ വന്ന് നിൽക്വാ അല്ലേ ..? എവിടെയൊക്കെ തിരഞ്ഞു ഞാൻ??? പോണ്ടേ നമ്മക്ക്??

**കുഞ്ഞാലിക്ക :** *(ഒന്നും മനസ്സിലാവാതെ)* എങ്ങോട്ടേക്ക്??

**പൂമ്പൊടി :** *(പരിഭവത്തോടെ)* ഓ അല്ലെങ്കിലും എന്റെ കാര്യം ഒന്നും കുഞ്ഞാലിക്കക്ക് ഓർമ്മീണ്ടാവില്ലല്ലോ

**കുഞ്ഞാലിക്ക :** അപ്പഴേക്കും പിണങ്ങിയോ? ന്റെ ചക്കരക്കുട്ടി പറ

*(പൂമ്പൊടി ഒന്നും മിണ്ടാതെ പരിഭവിച്ച് നിൽക്കുന്നു. അതുകണ്ട് ചിരിയോടെ അടുത്ത് ചെന്ന് ആ കവിളിൽ ഒന്നു പിടിക്കുന്നു. എന്നിട്ട് ആ സ്നേഹം തിരിച്ചറിഞ്ഞുകൊണ്ട്)*

**കുഞ്ഞാലിക്ക :** കുഞ്ഞാലിക്കക്ക് വയസ്സായില്ലേ മോളേ..ഇത്തിരി ഓർമ്മക്കുറവൊക്കെ ഉണ്ടാവ്വൂല്ലേ...അതോണ്ട് കെറുവിക്കാണ്ട് ഇക്കാന്റെ മൊട്ട് പറ...എബടേക്കാ ഇക്ക ബരേണ്ടത്?

**പൂമ്പൊടി :** *(കുസൃതി പടർന്ന ഗൗരവത്തോടെ)* കോളേജിലെ നാടകം ഇന്നാ...

**കുഞ്ഞാലിക്ക :** *(പെട്ടെന്ന് ഓർമ്മ വന്നുകൊണ്ടെന്നോണം)* ന്റുമ്മാ.. നേരായിട്ടും ഇക്ക മറന്നു പോയതാ.. ബാ ഇപ്പം തന്നെ പോവാം ഇക്കാ ആ കാളകളെ ഒന്ന് കെട്ടട്ടെ...ന്നിട്ട് നീയും കേറിക്കോ ഇക്കാന്റെ കാളവണ്ടീല് .

സംഘത്തിൽനിന്ന് പൂമ്പൊടീടെ നാടകം കാണാൻ നമ്മളും ഉണ്ട്..

*(ചിരിയോടെ)* വണ്ടീം കെട്ടി പൂക്കളും കൊടുത്ത് ഇപ്പോ തന്നെ നമ്മള് പോവ്വാ അന്റെ നാടകത്തിന് തന്തോശായോ

*(ഒരു കാളവണ്ടിയുടെ താളത്തിൽ സംഘം മറയുന്നു..ഇല്ലിമുളം കാടുകളിൽ പാട്ട് പശ്ചാത്തലത്തിൽ)*

*(വേദിയിൽ അരങ്ങേറുന്ന തെയ്യരൂപം.. ദുരവസ്ഥയുടെ രംഗാവിഷ്കാരം)*

തൊട്ടുകൂടാത്തവർ തീണ്ടിക്കൂടാത്തവർ

ദൃഷ്ടിയിൽ പെട്ടാലും ദോഷമുള്ളോർ
കെട്ടില്ലാത്തോർ തമ്മിലുണ്ണാത്തോരിങ്ങനെ
യൊട്ടല്ലഹോ ജാതിക്കോമരങ്ങൾ!
എന്തൊരു വൈകൃതം ബ്രഹ്മവിദ്യേ, നിന്നി
ലെന്താണിക്കാണുന്ന വൈപരീത്യം?

*(അനന്തരം പശ്ചാത്തലസംഗീതത്തോടെ സാവിത്രിയായി അഭിനയിക്കുന്ന പൂമ്പൊടി ചാത്തനോടായി)*

*ചാത്താ..മനുഷ്യസ്നേഹത്തിന്റെ പേരാ ജീവിതം ന്ന്. ആ സ്നേഹത്തിന്റെ മുന്നില് ജാതീം മതവും ഒന്നും ഇല്ല. മനുഷ്യർ മാത്രമേയുള്ളൂ...അതുകൊണ്ട് ഈ മനസ്സും ശരീരവും മുഴുവനായി എന്റെ ചാത്തന് നൽകിക്കൊണ്ട് സാവിത്രി ഈ ലോകത്തോട് പറയ്യാ..ആചാരത്തിന്റെ നൂലുകളെല്ലാം പഴകിപ്പോയ ഈ കാലത്ത് ഈ ചട്ടങ്ങളെല്ലാം മാറട്ടെ.. പ്രണയമുണ്ടാവട്ടെ.. ജീവിതമുണ്ടാവട്ടെ (ഇരുവരുടെയും സ്നേഹസംഗമം)*

*(അനന്തരം വീണ്ടും ഉയരുന്ന കവിതാശ്ലോകം.)*

"മാറ്റുവിൻ ചട്ടങ്ങളെ.. സ്വയമല്ലെങ്കിൽ
മാറ്റുമതുകളീ നിങ്ങളെത്താൻ"

*(ഉയരുന്ന കയ്യടി. നാടകസംഘം മറയുന്നു. അവിടെ ചമയം തുടച്ചുമാറ്റുന്ന പൂമ്പൊടിയുടെ ദൃശ്യം. അവിടേക്ക് വന്നടുക്കുന്ന കുഞ്ഞാലിക്ക)*

**കുഞ്ഞാലിക്ക :** (സംതൃപ്തിയോടെ) അസ്സലായി, ഇക്കാന്റെ കണ്ണ് നെറഞ്ഞു..ഈ കെട്ടുപോയൊരു കാലത്ത് ഇങ്ങനെയൊരു ജീവിതം ഓർമ്മിപ്പിച്ചതിന്..

*(മാറ്റുവിൻ ചട്ടങ്ങളേ വരികൾ)*

*(പിന്നെ പൂമ്പൊടിയുടെ അടുത്തേക്ക് ചേർന്ന് നിന്നുകൊണ്ട് വൈകാരികതയോടെ)* ഒന്നാലോചിച്ചാ ഇതിപ്പം ഒരു നാടകം മാത്രമല്ലല്ലോ..ന്റെ മോൾടെ ജീവിതം തന്നെയല്ലേ..?

**പൂമ്പൊടി :** *(ആർദ്രതയോടെ)* ഇക്കാ !

**കുഞ്ഞാലിക്ക :** *(ഓർമ്മക്കൊപ്പം നടന്നുകൊണ്ട്)* അന്റെ അപ്പൻ ചേന്നൻ ജാതീല് താണജാതിയാണ് പോലും ..അമ്മ സുഭദ്ര കോലോത്തെ തമ്പ്രാട്ടിക്കുട്ടിയും.. *(എന്നിട്ട് ആവേശത്തോടെ)*

അന്ന് അവരുടെ ജീവിതത്തിന് കാവല് നിന്ന മനുഷ്യത്വത്തിന്റെ മണ്ണാ ഈ ചെമന്തിയൂര്. ന്റെ പൂമ്പൊടിമോൾടെ അപ്പന്റേം അമ്മടേം ജീവിതത്തിന്.

*(ഒരുവേള ആ ഓർമ്മയിലെന്നോണം ഉയരുന്ന ഒരു കലാപത്തിന്റെ*

*ശബ്ദം. അതിനൊപ്പം ഓർമ്മയിലെന്നൊണം തെളിയുന്ന ആ ദൃശ്യങ്ങൾ..)*

*(ഓടിവരുന്ന ചേന്നനും സുഭദ്രയും. ഒരു നിമിഷം അവർക്ക് പിന്നാലെ ആക്രോശത്തോടെ വരുന്ന ജാതിപ്രമാണിമാർ.)*

**സംഘം 1** : ചുട്ടുകൊല്ലടാ അവറ്റകളെ

*(നിന്ദയോടെ )*

**സംഘം 2** : ചണ്ഡാലന് പ്രണയിക്കാൻ കോലോത്തെ തമ്പ്രാട്ടിക്കുട്ടിയോ??

*(വക്രീകരിച്ച് കൊണ്ട്)*

**സംഘം 3** : ഇതിൽപ്പരം അപമാനം എന്താ ?

**സംഘം 4** : *(നിർദേശം നൽകിക്കൊണ്ട്)* ഉം

*(എല്ലാവരും അക്രമോത്സുകതയോടെ പാഞ്ഞടുക്കുമ്പോൾ ഉയരുന്ന ചെമന്തിയൂരിന്റെ ശബ്ദം.*

*ഒരു നിമിഷം വേദിയിൽ നിസ്സഹായരായി നിൽക്കുന്ന ചേന്നന്റേയും സുഭദ്രയുടേയും അടുത്തേക്ക് നിശ്ചയദാർഢ്യത്തോടെ വന്നടുക്കുന്ന ചെറുപ്പക്കാരനായ കുഞ്ഞാലിയും സംഘവും.)*

**കുഞ്ഞാലി** : തൊടില്ല നിങ്ങൾ ഇവരെ...ഇത് ചെമന്തിയൂരാ.. നാരായണഗുരുവും അയ്യങ്കാളിയും സഹോദരൻ അയ്യപ്പനും പൊയ്കയിൽ അപ്പച്ചനും മക്തിതങ്ങളും ഉണർത്തിയ മനുഷ്യത്വത്തിന്റെ മണ്ണ് ഇവിടെ നമ്മൾക്ക് ഒരു ജാതിയേ ഒള്ളൂ, മനുഷ്യൻ എന്ന ജാതി.. അതോണ്ട് ചോരപ്പുഴ ഒഴുകുന്നതിന് മുൻപ് തിരിച്ചുപോ *(അലർച്ചയോടെ)* പോകാൻ.

*(എന്നിട്ട് ചേന്നനോടും സുഭദ്രയോടുമായി)*

ഒരു പേടിയും വേണ്ട. നിങ്ങൾ ഇവിടെത്തന്നെ ജീവിക്കും. ഈ പൂക്കളുടെ മണ്ണിൽ. നാളെ നിങ്ങൾക്കുപിറക്കുന്ന മക്കളും..മനുഷ്യരായിക്കൊണ്ട്..!!!

ഹിന്ദുവാകുന്നതിൻ മുമ്പേ
മുസൽമാ......നാകുന്ന
തിന്നു മുമ്പേ....
ക്രിസ്ത്യാനിയാകുന്ന
തിന്നു മുമ്പേ...
മർത്ത്യരായ് നമ്മൾ പുലർന്ന നാട് ...

*(അവിടെ ഉയർന്നുകേൾക്കുന്ന മാനവികത അടയാളപ്പെടുത്തുന്ന നാല് വരികൾക്കൊപ്പം ഓർമ്മയുടെ ദൃശ്യം മായുമ്പോൾ വേദിയിൽ! കുഞ്ഞാലിക്കയും പൂമ്പൊടിയും.*

**കുഞ്ഞാലി** : (ചെറുചിരിയോടെ) ആ ചേന്നന്റേയും സുഭദ്രയുടേയും മനുഷ്യക്കുട്ടിയാ നീ

*(ഏതോ വിഷാദചിന്തകൾ മനസ്സിലേക്ക് വന്ന വേദനയോടെ പൂമ്പൊടി)*

**പൂമ്പൊടി** : ഒറ്റ വിഷമം മാത്രേള്ളൂ കുഞ്ഞാലിക്ക.. ന്റെ അപ്പൻ. ചെറുപ്പത്തിലേ അമ്മ മരിച്ച മോളായിട്ടും ഒന്നും അറിയിക്കാതെ ന്റെ അപ്പൻ ന്നെ വളർത്തി... ഇപ്പോൾ അരയ്ക്കുതാഴെ തളർന്ന് കിടക്കുന്നത് കാണുമ്പോ...മോളേ..എന്ന് ഒരിക്കലെങ്കിലും ഒന്ന് വിളിച്ചിരുന്നെങ്കിൽ

**കുഞ്ഞാലിക്ക** : സാരൂല്ല.. ഒക്കെ മാറും. വാ നമ്മക്ക് വീട്ടിലേക്ക് പോകാം

*(അവർ പോകാൻ തുടങ്ങുമ്പോൾ അവിടേക്ക് എത്തുന്ന മൊയ്തീൻ)*

**മൊയ്തീൻ** : കുഞ്ഞാലിയേ നിക്ക്.. നീ ഈ കാഫറച്ചിനേം വെച്ച് എന്ത് എറാമ്പറപ്പാ കാണിക്കണെതെന്ന് അനക്കറിയ്യോ?

**കുഞ്ഞാലി** : എന്താ?

**മൊയ്തീൻ** : ഓത്തും ഹദീസും മഹല്ലും നിക്കുന്ന മതാ നമ്മടേത്.. അവിടെ പള്ളീനെ മറന്നുള്ള ഒരു കളീം വേണ്ട

**കുഞ്ഞാലി** : അന്യനെ സ്നേഹിക്കാനല്ലേ എല്ലാ മതവും മതപുസ്തകങ്ങളും നമ്മളോടു പറയുന്നത്

**മൊയ്തീൻ** : എന്തോ എങ്ങനെ.. ദേ നീ നമ്മളെ ഓത്ത് പഠിപ്പിക്കല്ലേ... അവസാനായിട്ട് പറയാ.. മതങ്ങളും മതനിയമങ്ങളും വിലക്കുന്ന സംഗതികള് ചെയ്യാനാണ് നിന്റെ ഭാവമെങ്കില് ഭൂമിയിലെ നരകമെന്തെന്ന് നീ അനുഭവിക്കാൻ പോണേള്ളൂ...ഞമ്മള് പറഞ്ഞില്ലാന്ന് വേണ്ട.

*(മൊയ്തീൻ പോകുന്നു, കുഞ്ഞാലി മകളേയും കൊണ്ടുപോകുന്നു.) 'കുഞ്ഞാലിയേ' എന്ന് വിളിച്ച് ഓടിവരുന്ന മത്തായി. മത്തായിയുടെ ശബ്ദം കേട്ട് വരുന്ന കുഞ്ഞാലി.. പിറകെ പതിയെ പൂമ്പൊടിയും..)*

**കുഞ്ഞാലി** : എന്താ മത്തായിച്ചേട്ടാ

**മത്തായി** : പോയെടാ...നമ്മടെ ചേന്നൻ പോയി

*(പൂമ്പൊടി ഉറക്കെ കരയുന്നു. അവിടേക്ക് വരുന്ന നാട്ടുകാർ..ദൃശ്യം മാറുന്നു...തളർന്നിരിക്കുന്ന പൂമ്പൊടി. അവിടെ ചേന്നന്റെ മൃതശരീരം.)*

*(ചേന്നന്റെ കുടിൽ. അവിടെ മൃതശരീരം കിടത്തിയിട്ടുണ്ട്. ചുറ്റും കൂടിനിൽക്കുന്ന നാട്ടുകാർ)*

എന്നാല് എടുക്കല്ലേ.. ആരെയും കാത്തുനിൽക്കാനൊന്നും ഇല്ലല്ലോ.

**സംഘം 1** : ഇരുട്ടുന്നതിന് മുമ്പ് അതങ്ങു ചെയ്യാ

**സംഘം 2** : ന്നാ നോക്ക് .

**മത്തായി** : കുഞ്ഞാലി, എന്നാ എടുക്കല്ലേ

*(പൂമൊടിയെ അടുത്തുനിന്നും മാറ്റുന്ന കുഞ്ഞാലിക്ക...മൃതശരീരം എടുക്കാൻ തുനിയവേ, വേദിയിലേക്ക് വരുന്ന പ്രമാണിയായ സത്യപാലന്റെ നേതൃത്വത്തിലുള്ള സവർണ സംഘം.)*

**സത്യപാലൻ** : എടുക്കാൻ വരട്ടെ

**കുഞ്ഞാലിക്ക** : എന്താ കാര്യം?

**സംഘം 1** : ഏതു വഴിയിലൂടെയാ ഈ സാധനം കൊണ്ടുപോകാ..?

**ഗ്രാമീണൻ** : സാധാരണ നാട്ടുവഴിയിലൂടെ തന്നെ..എന്താ..?

**സത്യപാലൻ** : അതറിയാൻ വേണ്ടി തന്ന്യാ ചോദിച്ചത്...എടോ ആ നാട്ടുവഴിയോട് ചേർന്നാ ആ അമ്പലത്തിന്റെ മതിലുള്ളത്..ആ വഴിയിലൂടെ ഈ വൃത്തികെട്ട സാധനം കൊണ്ടുപൊയാ മതിലിനകത്തെ ദൈവത്തിന് അശുദ്ധിയുണ്ടാകും

**കുഞ്ഞാലിക്ക** : പട്ടിയും പൂച്ചയുമൊക്കെ ചത്ത് വീഴുന്ന നാട്ടുവഴിയല്ലേ സത്യപാലാ അത്..

**സത്യപാലൻ** : ചോദ്യങ്ങൾ വേണ്ടാ. അതും ഒരു അന്യമതക്കാരൻ

**സവർണസംഘം 2** : എടാ.. കീഴാളനായ ചിത്രകാരൻ അശാന്തന്റെ മൃതദേഹം പോലും വഴീല് തടഞ്ഞോരാ ഞങ്ങള് പിന്നെയാ ഇവൻ

**സത്യപാലൻ** : അതും വർഷങ്ങൾക്കുമുമ്പ് ഒരു തമ്പ്രാട്ടീനെ തട്ടിക്കൊണ്ടുവന്ന നായ..

**കുഞ്ഞാലി** : ചത്തത് നിങ്ങൾക്ക് നായയായിരിക്കാം... പക്ഷെ ഇത് ഞങ്ങൾക്ക് ചണ്ഡാലനും ബ്രാഹ്മണനുമപ്പുറം ഞങ്ങടെ കൂടപ്പിറപ്പാ

**മത്തായിച്ചേട്ടൻ**: ഇങ്ങനെയൊക്കെ പറഞ്ഞാലെങ്ങന്യാ സത്യപാലാ

**സത്യപാലൻ** : പിന്നെ എങ്ങനെയാടാ ഞാൻ പറയേണ്ടത്

**മത്തായിച്ചേട്ടൻ**: ശവത്തിനുണ്ടോ ജാതിയും മതവും.. ചത്താല് എല്ലാം തീർന്നില്ലേ ?

**സത്യപാലൻ** : എങ്കില് എന്തിനാ മത്തായിയേ നിന്റെ പള്ളീല് തെമ്മാടിക്കുഴി? അതോണ്ട് വല്യ വർത്തമാനമൊന്നും പറയാതെ മാറി നിൽക്ക്...ഈ ശവം

ഇവിടുന്ന് എടുത്ത് നാട്ടുവഴിയിലൂടെ വന്നാ ഇവിടെ ചോരപ്പുഴ ഒഴുകും.. എല്ലാവരും കേൾക്കാനാ പറയുന്നത്

**ഗ്രാമീണൻ 1** : ആ വഴിയിലൂടെയല്ലാതെ പിന്നെ ഏതു വഴിയിലൂടെയാണ് ഈ ശരീരം കൊണ്ടുപോവ്വാ ?

**സവർണസംഘം** : അതൊന്നും ഞങ്ങൾക്കറിയേണ്ട...ആ വഴിയിലൂടെ ഇവന്റെ ശവം കൊണ്ടുപോകാൻ ഞങ്ങൾ അനുവദിക്കില്ല... അത്ര തന്നെ

**മത്തായിച്ചേട്ടൻ** : കേട്ടില്ലേ കുഞ്ഞാലിക്ക?

**കുഞ്ഞാലി** : *(വൈകാരികതയോടെ)* കേട്ടു.. മത്തായിച്ചേട്ടാ അമ്പലത്തിനുള്ളിലെ ദേവന് പുറംവഴിയിലൂടെ പോവുന്ന മനുഷ്യന്റെ മയ്യിത്ത് അയിത്താവുന്ന ആ ദൈവങ്ങളെ അവന്റെ മയ്യത്തും വേണ്ടാന്ന് വെക്ക്വാ?

**മത്തായിച്ചേട്ടൻ** : കുഞ്ഞാലിക്കാ??

**കുഞ്ഞാലിക്ക** : അതെ മത്തായിയെ.. സ്വന്തായി ഒരുതുണ്ട് ഭൂമി ഇല്ലാത്തോനാ ചേന്നൻ. പക്ഷേങ്കില് ഈകുഞ്ഞാലി പാർക്കുന്ന പൊരക്ക് ചുറ്റും 3 സെന്റ് മണ്ണ് ഇപ്പഴും ഈ കുഞ്ഞാലിക്ക് സ്വന്തമായുണ്ട്. അത് പോരെ മത്തായിച്ചേട്ടാ ഓന്റെ മയ്യിത്ത് കത്തിക്കാൻ ??

**സവർണസംഘം** : അതെങ്ങിന്യാ ശരിയാവുന്നത്?

**സത്യപാലൻ** : അതെ, ഇസ്ലാമിന്റെ പറമ്പില് ഹിന്ദൂന്റെ ശവമടക്കോ? ടോ നാട് കത്തുമേ !!!

**മത്തായി** : ന്റെ സത്യപാലാ ചാവാനും ജീവിക്കാനും വിടൂല്ലേ നിങ്ങള്?

**സത്യപാലൻ** : ഇല്ലടോ

**കുഞ്ഞാലിക്ക** : സത്യപാലാ നിങ്ങടെ കച്ചോടങ്ങൾക്ക് ലാഭണ്ടാവുമ്പോ കീഴാളർ ഹിന്ദുക്കളാകും.. അല്ലെങ്കിൽ ചണ്ഡാലനും അതി വിടെ നടക്കൂല്ല. ഇത് മണ്ണ് ചെമന്തിയൂരാ

*(എന്നിട്ട് ഉറക്കെ)*

എടുക്കെടാ മയ്യിത്ത് .

*(സവർണരോടായി)*തടയാൻ വന്നാ കുത്തിക്കൊടല് മാല ഞാനെടുക്കും. മോളേ വാ നടക്ക്

*(ചെറിയ സംഘർഷം)*

**പൂമൊടി** : ഇതെന്ത് ലോകാ കുഞ്ഞാലിക്ക..

*(അനന്തരം പ്രേക്ഷകരോടായി)*

കൊണ്ടോവ്വാ,,, ഞമ്മള്...പള്ളിപ്പറമ്പിലേക്കോ തെമ്മാടി ക്കുഴിലേക്കോ അല്ല.. നായിനെപ്പോലെ വെളിമ്പറമ്പില് മാന്തിപ്പൊത്താനും അല്ല. കൊണ്ടോണത് നമ്മടെ പൊരപ്പറമ്പിലേക്കാ..അബ്ടെ ഓന് നമ്മള് ചിതയൊരുക്കും...ഇസ്ലാമെന്ന് നിങ്ങള് വിളിക്കുന്ന ഞമ്മടെ പറമ്പില് ഹിന്ദുവെന്ന് ആരും വിളിക്കാത്ത ഈ ചേന്നന്റെ ശവം കത്തും...ആ കറുത്ത പൊകേല് മതങ്ങളുടെ ശ്വാസം മാത്രം ശ്വസിക്കുന്ന ഈ ദുനിയാവിന്റെ ശ്വാസം മുട്ടട്ടെ

*(പുറത്തുപോകുന്നു)* 'എടുക്കെടാ മയ്യത്ത്'

*(കുഞ്ഞാലിക്കയുടെ പുരയിടം. അവിടെ ശവദാഹത്തിന് കാത്ത് കിടക്കുന്ന മൃതശരീരം. അടുത്തായി ഗ്രാമീണരും പൂമ്പൊടിയും)*

**നാട്ടുകാർ 1** : ആരാ ചിത കത്തിക്കാ..? ആൺ മക്കളില്ലാത്തതല്ലേ?

**നാട്ടുകാർ 2** : അത് നേരാ. ഇതാണെങ്കി ഒരു പെൺകുട്ടീം..

**ഗ്രാമീണൻ 3** : എന്തായാലും പെൺകുട്ടികൾക്ക് ചിത കത്തിക്കാൻ പറ്റില്ലല്ലോ!!

**മത്തായി** : അപ്പം പിന്നെ ആര്..?

*(അവിടെ നടക്കുന്ന ചെറിയ ബഹളം)*

*(അവിടേക്ക് ഒരു നിമിഷം എഴുന്നേറ്റ് പൂമ്പൊടി)*

**പൂമ്പൊടി** : നിർത്ത് *(വൈകാരികതയോടെ)* എന്റെ പ്രാണനാ ആ കിടക്കുന്നത്. *(ഗദ്ഗദത്തോടെ)* എന്റെ അപ്പന്റെ ചിതക്ക് ഞാൻ തീ കൊളുത്തും.

*(അത് കേട്ട് ഞെട്ടലോടെ.. ആൾക്കൂട്ടം ഒന്നാകെ)*

ഏയ് അതു ശരിയാവില്ല

**പൂമ്പൊടി** : *(ഭ്രമാത്മകതയോടെ)* അതെ ഞാൻ ജീവിച്ചിരിക്കുമ്പോ എന്നെ അതിനനുവദിക്കണം

**നാട്ടുകാർ 1** : നീ ഒരു പെൺകുട്ടിയാണ്

**നാട്ടുകാർ 2** : ശവം നാറണ്ടാന്ന് കരുതിയാ കുഞ്ഞാലിക്കൊപ്പം വന്നത്.. പക്ഷെ ഇതിന്റെ കൂടെ നിൽക്കാൻ ഞങ്ങൾക്കു വയ്യ!!

**നാട്ടുകാർ 3** : നാട്ടില് ചില ആചാരങ്ങളുണ്ട്. അവിടെ പെണ്ണ് പെണ്ണാണെന്ന് തിരിച്ചറിഞ്ഞേ പറ്റൂ

**നാട്ടുകാർ 4** : അതോണ്ട് എന്താ വേണ്ടതെന്ന് കുഞ്ഞാലിക്ക തീരുമാനിക്ക്.

**കുഞ്ഞാലി** : എന്റെ പെരപ്പറമ്പില് ഓന് ചിതയൊരുക്കാമെങ്കില് ഇവൾക്കാ ചിതക്ക് തീയും കൊളുത്താം..

**നാട്ടുകാർ 1** : ആഹാ. എന്നാ ഞങ്ങളിറങ്ങാ.. വാടാ..

**നാട്ടുകാർ 2** : മത്തായി താൻ വരണില്ലേ..?

**മത്തായി** : വരാം.. നിങ്ങള് നടന്നോ.. (കുഞ്ഞാലിയോട്) കുഞ്ഞാലിക്ക.. ഈ പള്ളിയും കുർബാനയും ഒരു ഊറ്റത്തിന് വേണ്ടെന്ന് വെക്കാം.. പക്ഷേങ്കില് എടവകേം പള്ളീം വെലക്കിയാൽ നാളെ ഒരു തെമ്മാടിക്കുഴി മത്തായിക്ക് വേണ്ടി അവര് കുഴിക്കും. അതില് ചത്ത് കിടക്കാൻ വയ്യടോ... കർത്താവു പൊറുക്കൂല്ല..

*(മത്തായി പോകുന്നു)*

**കുഞ്ഞാലി** : പൂമ്പൊടി മോളൊന്നുകൊണ്ടും പേടിക്കണ്ട. ന്റെ മോള് കൊളുത്തിക്കോ.. ഈ ഇക്ക തീ കത്തിച്ചു തരാം.. സ്വന്തം അപ്പന്റെ ചിതക്ക് ഒരു പെൺകുട്ടി തീ കൊളുത്തിയാൽ ഇടിഞ്ഞുവീഴുന്നതാണ് ഈ ദുനിയാവെങ്കിൽ ആ ദുനിയാവ് ഇടിഞ്ഞുവീഴട്ടെ..

*(തീ കൊളുത്താൻ പന്തവുമായി നടക്കുന്ന പൂമ്പൊടി. പിന്നാലെ കുഞ്ഞാലി.)*

*(ഉയരുന്ന കവിത)*

ജീവന്റെ വിത്തിനെ പേറുന്ന പെണ്ണ്
പേറും മുലപ്പാലുമുള്ളവൾ പെണ്ണ്
ജൈവ പ്രപഞ്ചം നിലച്ചുപോകാതെ
പരിണാമചക്രം തിരിക്കുന്ന പെണ്ണ്
പെണ്ണിന്നശുദ്ധികൽ
പ്പിക്കുമാചാരങ്ങൾ
കത്തിയെരിയട്ടെയീ ചുടലപ്പറമ്പിൽ...
കൊള്ളിവെയ്ക്കുന്നു ഞാൻ ഈ ചിതയിൽ,
അച്ഛന്റെ സ്വപ്നങ്ങളെല്ലാം
ഉയിർക്കുന്ന കൈകളാൽ
കൊള്ളിവെയ്ക്കുന്നൂ, അനാചാര ഗർവുകൾ
പെണ്ണിനെപ്പൂട്ടിയ ചങ്ങലക്കെട്ടിന്.

*(പൂക്കൾക്കിടയിൽ നാട്ടുകാർ)*

**നാട്ടുകാർ 1** : ഏതായാലും ആ തെമ്മാടിത്തത്തിന് നമ്മൾ കൊടുത്ത പണി ഏറ്റു.

**നാട്ടുകാർ 2** : പൂക്കൾ കൊണ്ടുപോവാൻ ഇനി ആരും അവന്റെ കാളവണ്ടി വിളിക്കണ്ട, അപ്പോ കാണാലോ അവനെങ്ങന്യാ ജീവിക്ക് ണേന്ന്

**നാട്ടുകാർ 3** : ആ പെണ്ണിനെ പൂപ്പാടത്ത് ജോലിക്കും വെക്കരുത്. മത്തായി, ഇനി അവന്റെ പഴഞ്ചൻ കാളവണ്ടി നമുക്ക് വേണ്ട.. നമുക്ക് ട്രാക്ടറ് മതി..

**നാട്ടുകാർ 3** : കൊത്തിക്കൊത്തി മൊറത്തില് കേറിക്കൊത്തിയാ എന്താ ചെയ്യാ.

**നാട്ടുകാർ 2** : പെണ്ണ്, ആചാരം ന്നൊക്കെ വെച്ചാ എന്താ കുട്ടിക്കളിയാ ?

*(ട്രാക്ടറിന്റെ ശബ്ദം, ദൃശ്യം. കുഞ്ഞാലിക്കാ എന്ന് ഉറക്കെ വിളിച്ചോടുന്ന പൂമ്പൊടി.)*

*പശ്ചാത്തലത്തിൽ*

പിതാ രക്ഷതി കൗമാരേ
ഭർത്താ രക്ഷതി യൗവ്വനേ
പുത്രോ രക്ഷതി വാർധക്യേ
ന സ്ത്രീ സ്വാതന്ത്ര്യമർഹതി

*(പൂമ്പൊടിയുടെ ശബ്ദം കേട്ട് ഓടിവരുന്ന കുഞ്ഞാലി)*

**കുഞ്ഞാലി** : എന്താ മോളേ

**പൂമ്പൊടി** : കുഞ്ഞാലിക്കേടെ കാളവണ്ടി വേണ്ടാന്ന് വെച്ചിട്ട് പാടത്ത് ട്രാക്ടറ് വന്നു..എല്ലാവരും വല്ലാണ്ട് ഒറ്റപ്പെടുത്തില്ലേ കുഞ്ഞാലിക്ക .?

**കുഞ്ഞാലി** : ഒരു മനുഷ്യനായിപ്പോയത്കൊണ്ടല്ലേ.. മോളേ മനുഷ്യത്വത്തിനപ്പുറം ആചാരങ്ങള് നിന്നാല് നമുക്കൊക്കെ എന്ത് ചെയ്യാൻ പറ്റും ?

**പൂമ്പൊടി** : എന്താ ഇക്കാ ഇവരൊക്കെ ഇങ്ങനെ? മനുഷ്യരെല്ലാം തുല്യരാണെന്ന ഒരു ഭരണഘടന നിലനിൽക്കുന്ന ഈ നാട്ടില് ഓരോരുത്തർക്കും ഓരോ നീതിയാണോ?

*(ഒരുവേള അവർക്കുപിറകിൽ ഒഴുകി നീങ്ങുന്ന ഭരണഘടനയുടെ അടയാളങ്ങൾ)*

**പൂമ്പൊടി** : ആചാരങ്ങൾ. മനുഷ്യരെ മനുഷ്യരായിക്കാണാത്ത ആചാരങ്ങൾ. ആണിനും പെണ്ണിനും വേറെ വേറെ നീതികാട്ടുന്ന ആചാരങ്ങൾ. ജാതിയും മതങ്ങളും മനുഷ്യർക്ക് രൂപങ്ങൾ തീർക്കുന്ന ആചാരങ്ങൾ. ഒക്കെയും നടക്കുന്നത് ഈ മണ്ണിലാ. ലോകം മാനിക്കുന്ന നീതിശാസ്ത്രമുണരുന്ന ഈ മണ്ണിൽ.

*(ഒരാൾ ഓടി വന്ന്)*

മലവെള്ളം വരുന്നേ

പുഴയിൽ വെള്ളം പൊങ്ങുന്നേ
പ്രളയം വരുന്നേ

*(പ്രളയത്തിൽ ജനങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങളിലേക്ക്)*

തെയ്തക താ തെയ്തക
താ തെയ്തക താ താ
തകത്തെയ്തക തകത്തെയ്തക
തകത്തെതയ്തക താ താ
പാടത്തും പറമ്പത്തും
പുഴകേറുന്നേ നമ്മള് ..
പുതുമീനിൻ പുളപ്പിന്നായ്
വലയെറിഞ്ഞേ
കൈതോലത്തോടുമുങ്ങീ
വരമ്പും മുങ്ങീ പിന്നെ
കതിരിട്ട കൊയ്ത്തുപാട്ടിൻ
കിനാവും മുങ്ങീ
മുട്ടോളം അരയോളം
മു...ങ്ങീമുറ്റം...പിന്നെ
മോന്തായം മൂടുവോളം
പുരവിഴുങ്ങീ..
വീടാത്ത കടത്തിന്റെ
കൂടാണല്ലോ
നമ്മടെ വീടാണല്ലോ..
മുങ്ങീ മറഞ്ഞേപ്പോയീ
കെട്ടിയിട്ട കുറ്റിയിൽ നീ
കറമ്പിപ്പയ്യേ...മുങ്ങി
ച്ചത്തുപോയോ? കെട്ടുപൊട്ടി
യൊലിച്ചുപോയോ ?
അടയിരിക്കുകയായിരുന്നെൻ
പിടക്കോഴിയവളുടെ
ചിറകുവെച്ച കിനാക്കളെല്ലാ
മൊഴുകിപ്പോയി
താ തെയ്തക താ തെയ്തക
താ തെയ്തക താ താ
തകത്തെയ്തക തകത്തെയ്തക
തകത്തെതയ്തക താ താ

*(പ്രളയത്തിൽ ജനങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങൾ)*

**അഭയാർത്ഥി ക്യാമ്പ്**

*(അഭയാർത്ഥി ക്യാമ്പിൽ പൂമ്പൊടിയും കുഞ്ഞാലിക്കയുമുണ്ട്.*

*ഒരുമിച്ചിരുന്ന് കഞ്ഞികുടിക്കുന്ന ചെമന്തിയൂർ നിവാസികൾ. വിളമ്പുന്ന മത്തായി. അതിനിടയിൽ*

**കുഞ്ഞാലിക്ക** : മറ്റൊരു പന്തിഭോജനം അല്ലേ മത്തായിച്ചേട്ടാ *(ചിരിക്കുന്നു)*

**മത്തായി** : അതെ പ്രളയകാലത്ത് മറ്റൊരു പന്തിഭോജനം.. മത്തായിയും കുഞ്ഞാലിയും സത്യപാലനും ചാത്തനും കുചേലനും കുബേരനും .. എല്ലാരും ഒന്നിച്ച് ഒരു പന്തിയിലിരുന്ന് കഴിക്കാ മനുഷ്യപ്പ റ്റിന്റെ ഈ കഞ്ഞിവെള്ളം!!

പാടലിനും പറയലിനും കൂടലിനും.... തുള്ളലിനും..
ആടലിനും അറിയലിനും ജാതിയുണ്ടായിരുന്ന കാലം...
വീടിന്നും തെരുവിന്നും റോഡിന്നും കിണറിന്നും ചോറിന്നും
കറികൾക്കും ജാതിയുണ്ടായിരുന്ന കാലം

***സഹോദരൻ അയ്യപ്പൻ***

മിശ്രഭോജനം ജനസാമാന്യത്തിന്റെ കല്ലിച്ചുപോയ മനോഗതിയെ എളുപ്പത്തിൽ ഉരുക്കുവാനുള്ള സിദ്ധൗഷധമാണ്. ആകയാൽ അത് താണവരെ ഉയർത്തുന്നതിനും ഉയർന്നവരുടെ അന്ധവിശ്വാസത്തെ ഇല്ലാതാക്കുന്നതിനും പൊതുവിൽ ജനങ്ങളുടെ ഇടയിൽ സൗഹാർദം വർധിപ്പിക്കുന്നതിനും ഏറ്റവും ഉപകരിക്കും

പല ജാതികൾ കൂടിച്ചേർന്ന്
ഒരുമിച്ചൊരു പന്തിയിലുണ്ണാൻ
പല കാലം പൊരുതിയതല്ലേ?
ഓർക്കണമ, ക്കഥകളുമിപ്പോൾ...

മുലക്കരം പിരിക്കുവാൻ
പ്രവൃത്തിയാരിടയ്ക്കിടയ്ക്കു
കുടിലതയ്ക്കു പകരമായ്...
മുല കടയ്ക്കൽവെച്ചരിഞ്ഞു
ചോരവാർന്നു വിടപറഞ്ഞ
നങ്ങേലീ....

മനുഷ്യരായി
ജനിച്ചവർ നമ്മൾ
മനുഷ്യരായിക്കഴിയാനായ്
ഏറെക്കാലം പടപൊരുതി
നേരിയ വെട്ടം വെളിവായി ...
നേടിയ വെട്ടമിരുട്ടാക്കാൻ
മനുഷ്യരല്ലാതാവാനിപ്പോൾ
പടപൊരുതുകയാണല്ലോ....

തോൽക്കുകയല്ലോ നാമിപ്പോൾ...

**മത്തായി** : സൂര്യനുദിച്ചപ്പോ വെള്ളം ഇറങ്ങിയപ്പോ മനസ്സ് ഒന്ന് തണുത്തു...പക്ഷെ അപ്പോഴും മറക്കാൻ പറ്റുന്നില്ല ഈ ദെവസങ്ങൾ .

**സത്യപാലൻ** : ആദ്യമൊക്കെ ഒരു വെഷമൂണ്ടായിരുന്നു..ജാതീം മതൂംല്ലാത്തോര് വെച്ചത് തിന്ന്വാന്ന്!! പക്ഷെ രണ്ട് ദെവസം കഴിഞ്ഞപ്പോ ചില നേര്കള് കണ്ടപ്പോ എല്ലാം മറന്നു മത്തായിയേ .

*കുഞ്ഞാലിയേ.. ഇത്രേം സ്നേഹം ഓരോരുത്തരിലും ഉണ്ടായിരുന്നു അല്ലേടാ*

*(വൃദ്ധയായ സ്ത്രീ വന്നുകൊണ്ട്.)*

**സ്ത്രീ** : മക്കളേ, പോവ്വാ, വെള്ളം ഇറങ്ങിയപ്പോ പാമ്പും തേളും തരട്ടീയൊക്കെ കേറിക്കൂടീറ്റ്ണ്ടാവും.. വീട്ടിന്റുള്ളില്...എന്നാലും ഒരു സമാധാനൂണ്ട്.. മനുഷ്യർക്കിടയിലെ പാമ്പും തേളും തേരട്ടയുമൊക്കെ ഒരുമിച്ചിരുന്ന് ഉണ്ടുറങ്ങിയ നാളുകൾ ചാവുന്നതിന് മുമ്പ് ഒന്ന് കണ്ടല്ലോ.
എന്നിട്ട് പൂമ്പൊടിയോടായ്..
പൂമ്പൊടിയേ തണുത്ത് വിറച്ച രാത്രികളില് ഈ അമ്മൂമ്മക്ക് കമ്പിളിപുതച്ച് തരാൻ നാളെ മുതൽ മോളില്ലല്ലോ

**പൂമ്പൊടി** : ഞാനുണ്ടാവും അമ്മൂമേ

**കുഞ്ഞാലി** : ഞങ്ങളെല്ലാവരും ഉണ്ടാകും.

**സത്യപാലൻ** : നാണിത്തള്ളേ ഈ സത്യപാലൻ ണ്ടാവും

*(കണ്ണീരോടെ കെട്ടിപ്പിടിച്ച് വേർപ്പിരിയുന്നു. ഓരോ ആളുകളും പിരിയവേ കവിത തുടരുന്നു..)*

**കുഞ്ഞാലിക്ക :** പൂമ്പൊടിയേ

മനസ്സിനുള്ളിലെ മാലിന്യങ്ങളൊക്കെ മാറി. ഇനി വീട്ടിലെ മാലിന്യങ്ങൾ മാത്രം ബാക്കിയാവുന്നു. അത് തുടച്ചു നീക്കാനും നമ്മളൊരുമിക്കണം. അതിപ്പോ നമ്മള് ചെമന്തിയൂർ കാര് വിചാരിച്ചാ ത്രേയുള്ളു.

*(എല്ലാവരും തേർന്ന് വീടുകൾ വൃത്തിയാക്കുന്നതിന്റെ ദൃശ്യങ്ങൾ)*

**പ്രളയത്തിൻ ദുരിതക്കടലിൽ**

**പൊങ്ങിയുണർന്നൊരു**

**സ്നേഹ കുടീരം ...**

**ഗ്രാമീണൻ** : സത്യപാലാ ഇത് എടുക്ക്

**സത്യപാലൻ** : ഏയ് അതിനൊന്നും എന്നെ കിട്ടില്ല. അതൊക്കെ

സർക്കാര് ചെയ്യേണ്ട പണിയാ..

**ഗ്രാമീണൻ** : ഓ ഇങ്ങനെയുണ്ടോ ജനം? ഇതുപോലുള്ള വരുണ്ടായാ ഇതിലും വലിയ പ്രളയം വരും.

*(കുഞ്ഞാലിക്കയുടെ വീട്)*

*(അവിടെ പശുക്കുട്ടിക്ക് പുല്ല് കൊടുക്കുന്ന കുഞ്ഞാലി)*

**കുഞ്ഞാലി** : കിങ്ങിണിക്കുട്ടീ, അനക്ക് മതിയായോ ? മതിയായെങ്കില് ബാക്കി നാളെത്തിന്നാം. ഉം കെടന്നോ.. പള്ള നെറയെ വെള്ളം കുടിച്ച് കൊതിതീരുവോളം പച്ചപ്പുല്ലും തിന്ന് ന്റെ മോള് ഉറങ്ങിക്കോ

*(ഒരുവേള വരുന്ന ഗ്രാമീണൻ)*

**ഗ്രാമീണൻ** : ഈ പശുക്കുട്ടീനെ എവിടുന്നാ കിട്ടിയത് ?

**കുഞ്ഞാലി** : പ്രളയം കഴിഞ്ഞ് ചളീം മണ്ണും കയറിയ പെരേല് വന്ന കേറിയതാ. എന്തോ ഒരനക്കം കേട്ട് നോക്കിയപ്പോ നടുക്കകത്ത് ഇവള് കിടക്കുന്നു.. പ്രാണൻ മാത്രം പോയില്ല

**ഗ്രാമീണൻ** : ആഹാ അങ്ങനെ കിട്ടിയതാണല്ലെ..അപ്പോ ഇതിന്റെ തള്ളയോ ?

**കുഞ്ഞാലി** : എവിടുന്നോ ഒഴുകി വന്നതല്ലേ.. തള്ളയൊക്കെ എവിടെയോ പോയിട്ടുണ്ടാകും..

**ഗ്രാമീണൻ** : പ്രളയം വന്നപ്പോൾ എല്ലാവർക്കും നഷ്ടം വന്നപ്പോ അനക്ക് ലാഭായി പോയല്ലെടോ.

**കുഞ്ഞാലി** : *(ചിരിച്ചുകൊണ്ട്)* ഇപ്പോ ഇവളെന്റെ മോളാ.. ന്റെ കിങ്ങിണിക്കുട്ടി.

*(അവിടേക്ക് വരുന്ന മത്തായി)*

**മത്തായി** : അപ്പോ നിങ്ങൾക്കിപ്പോ രണ്ട് മക്കളായല്ലേ..

**കുഞ്ഞാലി** : അതെ. ന്റെ പൂമ്പൊടിയും കിങ്ങിണിക്കുട്ടിയും..

**മത്തായി** : നല്ല ഇനാ. നല്ല പുല്ലും വൈക്കോലും വെള്ളവും കൊടുത്ത് വളർത്തിയാ അറുക്കാൻ കൊടുക്കുമ്പോ നല്ല വെലകിട്ടും

**ഗ്രാമീണൻ** : പോടോ സ്നേഹത്തെക്കുറിച്ച് പറയുമ്പോഴാ അറക്കുന്ന കാര്യം..

*(മത്തായി പോകുന്നു..ഒപ്പം ഗ്രാമീണനും)*

*(ഓടി വരുന്ന പൂമ്പൊടി)*

*കിങ്ങിണീ*

**കുഞ്ഞാലിക്ക** : എന്താ അനക്കൊരു ചാട്ടം

*(കുസൃതിയോടെ പൂമ്പൊടി)* അതിന് ഞാൻ ഇക്കേ

നല്ല വിളിച്ചത് ന്റെ കിങ്ങിണിനെയാ

**കുഞ്ഞാലിക്ക :** പക്ഷേങ്കില് ഓളെന്റെ മോളാ

**പൂമ്പൊടി :** ആയ്ക്കോട്ടെ...എന്നാല് ഈ ബാപ്പ ചെന്ന് ഓളോട് ചോദിച്ചാട്ടെ.. ബാപ്പാനേ ആണോ നിനക്കിഷ്ടം അതോ ഈ ചേച്ചിക്കുട്ടീനെ ആണോ എന്ന്. അപ്പം അവള് പറയും അവൾടെ ഭാഷേല്

**കുഞ്ഞാലിക്ക :** *(കുസൃതിയോടെ)* കുന്തം പറയും

**പൂമ്പൊടി :** *(അതേഭാവത്തിൽ)* പറയൂക്കാ അതാ ഞങ്ങള് തമ്മിലുള്ള സ്നേഹം..ന്റെ കിങ്ങിണിക്കുട്ടീം.. പൂമ്പൊടീം തമ്മിലുള്ള സ്നേഹം.

**കുഞ്ഞാലിക്ക :** അത് പോട്ടെ ഇതെന്താ അന്റെ കയ്യില് ? പൂമ്പൊടി... *(ആർദ്രതയോടെ)* വാങ്ങിയത് നീ, കൊണ്ടന്നത് ഓൾക്ക്. അയിലപ്പുറം സന്തോഷം എന്താ ഈ ഇക്കക്ക് ഉള്ളത്.. നാല് നീ തന്നെ അങ്ങട് കെട്ടിക്കൊടുക്ക്.

*(പൂമ്പൊടി മണി കെട്ടുന്നു.., അതിന്റെ കിലുക്കം കേൾക്കുന്നു.)*

**പൂമ്പൊടി :** ഇക്കാ നോക്ക്. എന്ത് രസാ മ്മടെ കിങ്ങിണിക്കുട്ടീനെ ക്കാണാൻ.

**കുഞ്ഞാലി :** ഒരുപാട് കണ്ണീര് വീണ പ്രളയത്തിന്റെ ദുരിതങ്ങൾക്കെ ടേല് വീണുകിട്ടിയ സന്തോഷാ ഇത്. ന്റെ കിങ്ങിണീന്റെ മുഖത്തിന്റെ ഈ നിഷ്കളങ്കതയാ ഈ കുഞ്ഞാലി ഈ ദുനിയാവിലെ ഓരോ മനുഷ്യരിൽനിന്നും പ്രതീക്ഷിക്കുന്നത്...ആ കാത്തിരിപ്പിന്റെ ഓർമ്മേല് കിങ്ങിണീ അന്റെ ചേച്ചിക്കുട്ടിക്കൊപ്പം നിന്ന് നീ ആ ഓട്ടുമണിയൊന്ന് ആട്ടിയേ .

ആ മണിനാദം ഈ ദുനിയാവില് മൊത്തം കേൾക്കട്ടെ.

*(അത് ആസ്വദിക്കുന്ന കുഞ്ഞാലിക്ക)*

*(ദൃശ്യം മാറുന്നു)*

പൂക്കളുടെ സംഗീതത്തോടൊപ്പം പൂപ്പാടം. ചെടികൾ വെച്ച് അരങ്ങൊരുക്കുന്ന നാട്ടുകാർ.

**നാട്ടുകാർ 1 :** മഴമാറി വെളിച്ചം വന്നപ്പോ എല്ലാരും എല്ലാം മറന്നു

**നാട്ടുകാർ 2 :** ഒരു പ്രളയം വന്നപ്പോ എല്ലാം മറന്ന് ഒന്നിച്ചവര് ഇപ്പോൾ ജാതീം, മതവും ആചാരവും പറഞ്ഞു നടക്കാ...അതിന്റേടേലാ ഈ അഹങ്കാരം അവള് കാണിച്ചത്..ആ പൂമ്പൊടി

**നാട്ടുകാർ 3 :** അവള് പൂമ്പൊടിയല്ല. മുളക് പൊടിയാണ്..മുളക്

പൊടി..നല്ല എരിവുള്ള കാന്താരി മുളക്പൊടി.. ഇങ്ങനേം പെൺകുട്ട്യോള്ണ്ടാവ്വോ മണ്ണില്?

**നാട്ടുകാർ 4** : ആ ഊരിലെ തീണ്ടാരിപ്പുരയില് കേറി ഊരാചാര പ്രകാരം അശുദ്ധിയായ ആ പെൺകുട്ടിയെ പുറത്തിറക്കാൻ പറഞ്ഞാൽ എന്ത് ധൈര്യാ..?

**നാട്ടുകാർ 2** : ധൈര്യം അവൾടെ മാത്രല്ല ആ കുഞ്ഞാലിടെ കൂടെയാ..

**നാട്ടുകാർ 3** : കോടതി വിധിയുടെ ബലത്തില് ഇപ്പോ പെണ്ണുങ്ങള് വരെ മലകയറീല്ലേ

**നാട്ടുകാർ 2** : എന്തായാലും ആചാരങ്ങൾ മാറ്റാൻ ആരേയും സമ്മതിക്കരുത്

**കോറസ് സമ്മതിക്കരുത്..**

**നാട്ടുകാർ 2** : അതോണ്ടാ സത്യപാലേട്ടൻ പറഞ്ഞത് ഊരാചാരം പിഴപ്പിച്ച അവളെ വിലക്കാൻ പൂപ്പാടത്തെ ജോലീന്ന് മാറ്റി നിർത്താൻ. ഒപ്പം ആ കുഞ്ഞാലീനേം

*(അവിടേക്ക് നടന്നടുക്കുന്ന പൂമ്പൊടി)*

**നാട്ടുകാരൻ 1** : എന്തിനാ വന്നത്? പൂപ്പാടത്ത് നിന്നെ ജോലിക്കെടുക്കണ്ടാന്ന് സത്യപാലൻ പറഞ്ഞു.

**പൂമ്പൊടി** : അറിയാം

**നാട്ടുകാരൻ 2** : എന്റെ കൊച്ചേ, താനെത്ര തുള്ളിയാലും ഒരുകാര്യം നേരാ. മാസമുറയുള്ള പെണ്ണെന്ന് വെച്ചാ അശുദ്ധിയാ

**പൂമ്പൊടി** : അങ്ങനെയാണേൽ ഒന്ന് ചോദിച്ചോട്ടെ, പെണ്ണുങ്ങൾക്ക് മാസമുറയില്ലെങ്കില് നിങ്ങളീ ഭൂമീല് പെറക്കോ?, നിങ്ങടെ കുട്ടികള് ഈ ഭൂമീല് ജനിക്കോ? പെണ്ണിന്റെ മാസമുറ അശുദ്ധിയാണെങ്കില് ഈ ഭൂമിയിലെ എല്ലാ മനുഷ്യരും അശുദ്ധ ജന്മങ്ങളാ

*(അത് കേട്ട് ഒന്നും പറയാതെ നിൽക്കുന്ന മനുഷ്യരോടായി)*

ദേ ആർത്തവം അശുദ്ധിയാണെങ്കിൽ ആദ്യം നിങ്ങൾ നിങ്ങളുടെ അമ്മയെ വേണ്ടെന്ന് വെക്ക്...മക്കളെയും ഭാര്യയെയും വേണ്ടെന്ന് വെക്ക്...എന്നിട്ടാകാം ബാക്കി

**നാട്ടുകാരൻ 3** : ദേ വിവരക്കേട് കേട്ട് നിൽക്കാതെ വാ..ഇതിന്റെയൊക്കെ ശബ്ദംപോലും പിഴച്ചതാ

*(എല്ലാവരും പിൻവാങ്ങുന്നു)*

*(അനന്തരം കൊണ്ടുവെച്ച അനേകം ചെടികൾക്കിടയിലെ ഒരു*

*പൂവിനടുത്ത് ചെന്ന് പൂമൊടി)*

പൂവേ.. നീ പുഷ്പിണിയായാൽ വിശുദ്ധയായി. ശ്രീകോവിലുകളിലെ വിശുദ്ധപൂക്കൾ.. പക്ഷെ ഒരു പെണ്ണ് പുഷ്പിണിയായാൽ അവൾ അശുദ്ധിയാവുന്നു...എന്നിട്ടും കവികളും ലോകവും പറയുന്നു ഈ ഭൂമിയിലെ പൂക്കളാണ് പെൺപിറവിയെന്ന്.

*(ഉയരുന്ന കവിത)*

പുഷ്പിണിയായാ, ലശുദ്ധയാണത്രെ!
പൂക്കളേ നിങ്ങൾക്കശുദ്ധിയുണ്ടോ?
നിങ്ങൾ പരാഗണമേൽക്കാതെ വാടുകിൽ
നിങ്ങളെ തൊട്ടാലശുദ്ധിയുണ്ടോ?
വാനവും ചിറകും കിനാവുകണ്ടുണരുന്ന
കിളിമുട്ട തൊട്ടാലശുദ്ധിയുണ്ടോ?

*(ദൃശ്യാവിഷ്കാരം)*

*(സത്യപാലന്റെ നേതൃത്വത്തിൽ ഒരുകൂട്ടം കൂടിയാലോചന)*

**സത്യപാലൻ** : പ്രിയപ്പെട്ടവരെ തിളച്ചുമറിയുന്ന ഒരു മണ്ണിലാ നമ്മളിപ്പോ...അതുകൊണ്ടുതന്നെ ഇനിയുള്ള ഓരോ ഘട്ടവും നമ്മൾ ചില മുന്നൊരുക്കങ്ങൾ നടത്തണം..

**സവർണ്ണൻ 1** : അത് നേരാ.. ശാസ്ത്രവും യുക്തിയും ചില മനുഷ്യരെ നേർചിന്തയിലേക്ക് കൊണ്ടുവരുന്നുണ്ട്. അങ്ങനെ പോയാൽ പിന്നെ നമുക്ക് നിലനിൽപ്പില്ല.

**(കോറസ്) അപ്പോ എന്താ ചെയ്യാ**

*(ചർച്ച)*

**സത്യപാലൻ** : പറഞ്ഞുതരാം.. ഓരോ ശാസ്ത്രനേട്ടങ്ങളേയും പുരാണവും ഐതിഹ്യവുമായി ചേർത്ത് വെച്ച് നമ്മൾ നമ്മുടെ വ്യാഖ്യാനങ്ങൾ ഉണ്ടാക്കും.

**കോറസ്** : അതെങ്ങനെ *(ചർച്ച)*

**സത്യപാലൻ** : പറയാം.. വിമാനം കണ്ടുപിടിക്കുന്നതിന് എത്രയോ മുൻപ് തന്നെ ഭാരതത്തിൽ വൈമാനിക ശാസ്ത്രമുണ്ടായിരുന്നു. അതാണ് രാവണൻ തട്ടിക്കൊണ്ടുപോയ പുഷ്പകവിമാനം. അതുപോലെ പ്ലാസ്റ്റിക് സർജറി എന്നത് ഭാരത പുരാണകാലത്തേ സാധ്യമായിരുന്നു എന്നതിന്റെ തെളിവാണ് ഗണപതി ഭഗവാന്റെ ആനത്തല.

**കോറസ്** : ആനത്തലയോളം വെണ്ണതരാം,
ആനന്ദ ശ്രീകൃഷ്ണാ ഓടിവായോ.

**സത്യപാലൻ** : ഛെ നിർത്തെടാ. ശ്രീകൃഷ്ണനല്ല.. ഗണപതി.. മാത്രവുമല്ല...ആദ്യത്തെ ടെസ്റ്റ് റ്റ്യൂബ് ശിശുക്കൾ കൗരവരായിരുന്നു.

**സംഘം 2** : ഏത് ? നമ്മുടെ അർജ്ജുനനും ദുര്യോധനനും ഭീമനുമൊക്കയോ ?

**സംഘം 3** : ഏയ് ഒരു സീരിയസ്സായ കാര്യം പറഞ്ഞോണ്ടിരിക്കുമ്പഴാ... തമാശ പറയ്യാ

**സംഘം 4** : ഇതൊക്കെ ആളുകള് വിശ്വസിക്കോ ?

**സത്യപാലൻ** : പിന്നെന്താ, മയിലുകൾ ഗർഭം ധരിക്കുന്നത് കണ്ണീരു കൊണ്ടാണെന്ന് നമുക്ക് പ്രിയപ്പെട്ട ന്യായാധിപൻ പറഞ്ഞപ്പോ വിശ്വസിക്കാൻ ആളുണ്ടായില്ലേ? അതുപോലെ വേറെയും ചില കളവുകൾ ഉറക്കെ അങ്ങട് പറയാ.

**സംഘം** : അല്ല നമ്മളിപ്പോ കള്ളങ്ങള് തന്നെയല്ലേ പറഞ്ഞോണ്ടിരിക്കുന്നത്

**സത്യപാലൻ** : മിണ്ടരുത്, എല്ലാവരും ശ്വാസം ഉള്ളിലേക്ക് വലിക്കൂ. .. പുറത്തേക്ക് തള്ളൂ... വീണ്ടും....

*(എല്ലാവരും ഗൗരവത്തിൽ അത് ചെയ്യുന്നു)*

**സത്യപാലൻ** : ഇങ്ങനെയാണ് മനുഷ്യരുടെ ശ്വാസോച്ഛ്വാസം വിടുന്നത് ഓക്സിജനാണ്.

**സംഘം** : ഏയ് പശു പുറത്തുവിടുന്നത് ചാണകല്ലേ ?

**സത്യപാലൻ** : അത് പിന്നിൽക്കൂടി. ഇത് മുന്നിലത്തെ കാര്യാ പറഞ്ഞേ... ചാണകത്തെക്കുറിച്ച് പറയുമ്പോൾ മറ്റൊരു കാര്യമുണ്ട്. പശുവിന്റെ ചാണകം റേഡിയേഷൻ തടയും.

**സംഘം 3** : അപ്പോ സയൻസ് ടീച്ചർ പറഞ്ഞത്

**സത്യപാലൻ** : പിന്നെ സയൻസ് ടീച്ചർ.. പോവാൻപറ. നമ്മള് പറയുന്നതാ സയൻസ്.. വേറെ ചോദ്യങ്ങൾ വേണ്ടാ.. സയൻസും ടീച്ചറും ..മണ്ണാങ്കട്ട. എടോ പശുവിനെ പരമാവധി കയറ്റിയില്ലെങ്കിൽ അറിയാല്ലോ.. ആ സാധുമൃഗം ചെറിയ രീതിയിലൊന്നുമല്ല നമ്മളെ സഹായിക്കുന്നത്. അപ്പോ എന്തൊക്കെ പറയാം പറ്റും അതൊക്കെ അങ്ങ് പറയ്യാ.

**സംഘം 3** : അപ്പോ തിന്നാനൊന്നും കൊടുത്തില്ലേല്ലും പരമാവധി പൊക്കിപ്പറയണംല്ലേ

**സത്യപാലൻ** : അതെ..

**സംഘം 1** : പിന്നെ നമ്മുടെ കൂടെ അറിവുള്ളവർ എന്നു പറഞ്ഞു നടക്കുന്ന കുറേപേരില്ലേ. അവരെക്കൊണ്ടൊക്കെ എല്ലാ അബദ്ധങ്ങളും നേരാണെന്ന് പറയിപ്പിക്കുക..

**സത്യപാലൻ** : അവരിപ്പം പറയുന്നതും അബദ്ധം തന്നെയാണ്

**സംഘം 3** : ഈ അച്ചരപ്പൊട്ടന്മാരെ ചേർത്ത് ഈ നാടിനെ നമ്മള് മാറ്റും.

**സത്യപാലൻ** : എന്ത് എന്താ പറഞ്ഞേ ?

**സംഘം 2** : അച്ചരപ്പൊട്ടൻ

**സത്യപാലൻ** : അച്ചരപ്പൊട്ടൻ അല്ലടാ. അക്ഷരപ്പൊട്ടൻ. അവന്റെ പേരും അഡ്രസും എഴുതിയെടുത്ത് ഇവനെ നമ്മുടെ ചാനലിലേക്ക് വിട്ടോ.

പക്ഷെ നമ്മള് തിരിച്ചറിയണം ..ഇത് മണ്ണ് ചെമന്തിയൂരാണ്... ഗുരുവും അയ്യങ്കാളിയും സഹോദരൻ അയ്യപ്പനുമൊക്കെ ഉഴുതുമറിച്ചിട്ട നവോത്ഥാനത്തിന്റെ മണ്ണ്...അവിടെ എല്ലാ പരിപ്പും വേവില്ല.. അതുകൊണ്ട് തന്നെ നമ്മൾ കളിമാറ്റിപ്പിടിച്ചേ പറ്റൂ.

*(ആഹ്വാനത്തോടെ)* കലാപം!!!! ജാതിയുടെയും മതത്തിന്റെയും വിശ്വാസത്തിന്റെയും കലാപവിത്തുകൾ ഈ മണ്ണിലേക്ക് വലിച്ചെറിയുക. അവിടെ നമ്മൾ നൂറ് മേനി കൊയ്യും.. നൂറുപൂക്കൾ കൊയ്യും

*(ആ ആഹ്വാനത്തിൽ ഉയരുന്ന കലാപത്തിന്റെ ശബ്ദം. ഫ്രെയ്മിനുള്ളിൽ കയ്യേറ്റരംഗം)*

തുടർന്ന് കിങ്ങിണി.......

*(കുഞ്ഞാലിയുടെയും പൂമ്പൊടിയുടെയും വിലാപം)*

**കുഞ്ഞാലിക്ക** : ഇതിലും ഭേദം അവർക്ക് എന്റെ കഴുത്തറക്കുന്നതാ... എന്റെ കിങ്ങിണി..അലർച്ച കേട്ട് തൊഴുത്തിലെത്തിയപ്പോഴേക്കും അവർ പോയിരുന്നു.. തലയറ്റ് ചോരയിൽകിടന്നു പിടയുന്ന ന്റെ കിങ്ങിണി. അവളുടെ അവസാനത്തെ പിടച്ചിൽ.. ഒഴുകിപ്പടർന്ന ചോരച്ചാലുകൾക്കിടയിൽ എന്റെ മോള് കൊടുത്ത ഓട്ടുമണി .!!

**(കവിത)**

*(ഇരുവരും തകർന്നിരിക്കുന്നു. ഓട്ടുമണിയുമായി വിഷാദത്തിൽ നടന്നുവരുമ്പോൾ എതിരെ വരുന്ന പൂമ്പൊടി. അവൾക്ക് കുഞ്ഞാലി ഓട്ടുമണി നൽകുന്നു)*

*(കുഞ്ഞാലി കുഴിയെടുക്കുന്നു. കുഴിക്കുന്നതിനിടയിൽ വിയർപ്പ് തുടച്ചുകൊണ്ട്)*

**കുഞ്ഞാലി** : ഇത് അവളുടെ ശവക്കുഴി. ഞാൻ പ്രാണനെപ്പോലെ സ്നേഹിച്ച എന്റെ കിങ്ങിണി മോൾടെ... ഓട്ടുമണി യില്ലാതെ ചോരയിറ്റു വീഴുന്ന അവളുടെ തലയും ഉടലും ഞാനീ കുഴിയിൽ എന്റെ കണ്ണീരിനൊപ്പം കുഴിച്ചുമൂടും.

*(പൂമ്പൊടി കുഞ്ഞാലിക്കയെ പിടിച്ച് കരയുന്നു. അവൾ പോകുന്നു. കുഞ്ഞാലി വീണ്ടും കുഴിക്കവേ ഒരു നിമിഷം സത്യപാലന്റെ നേതൃത്വത്തിൽ ആയുധങ്ങളുമായി വന്ന് നിൽക്കുന്ന സവർണസംഘം)*

**സത്യപാലൻ** : കൂടുതലൊന്നും പറയാനില്ല. കൊന്നത് ഇത്തിരി പോന്ന ഒരു പശുക്കുട്ടിയെ..ആ തലയറുത്ത പൈശാചികകൃത്യം ചെയ്തത് കുഞ്ഞാലി എന്ന നീ. അവിടെ നിനക്ക് വേണ്ടി ഇനി വാക്കുകൾ ബാക്കിയാകില്ല.

ഉം..

*(എല്ലാവരും ഒരുമിച്ച് കുഞ്ഞാലിയെ വധിക്കുന്നു. കുഞ്ഞാലിയുടെ ശവം കൊണ്ട് സംഘം പോവുന്നു)*

*(കുഞ്ഞാലിയുടെ മൺവെട്ടിയെടുത്ത്)*

**സത്യപാലൻ** : ഇനി ഒരു മനുഷ്യത്വത്തിന്റെ ശബ്ദവും ഇവനിൽ നിന്നും ഉയരരുത്. കലാപം തുടങ്ങുന്നേയുള്ളൂ

*(സംഘം ഭീകരത സൃഷ്ടിച്ച് പോവുന്നു..) (ഒരു നിമിഷം ആ നിശബ്ദത യിലേക്ക് ചോര പുരണ്ട ഓട്ടുമണിയുമായി പതിയെ വരുന്ന പൂമ്പൊടി)*

**പൂമ്പൊടി** : ചോരയുണങ്ങാത്ത എന്റെ കിങ്ങിണിയുടെ ഈ ഓട്ടുമണിയുമായി ചെമന്തിയൂരിൽ പൂമ്പൊടി കാത്തിരിക്കും. ഏവർക്കും നീതിയും സമത്വവും സ്വാതന്ത്ര്യവും സാഹോദര്യവും പുലരുന്ന, നമ്മൾ മനുഷ്യരാകുന്ന ഒരു നല്ല മണ്ണിനായ്..

**കോറസ്** : നീതി, സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം, ജനാധിപത്യം

*(ഒരാൾ മുന്നോട്ടുവന്ന്)*

സ്ഥിതിസമത്വവും മതേതരത്വവും ജനാധിപത്യവും പുലരുന്ന ഇന്ത്യ, മനുഷ്യരായി ജനിച്ച എല്ലാവർക്കും ഏതു ജാതി ആകട്ടെ മതമാകട്ടെ ദേശമാകട്ടെ എല്ലാവർക്കും സമത്വവും സ്വാതന്ത്ര്യവും അനുഭവിക്കാൻ പറ്റുന്ന ഇന്ത്യ,

*(മറ്റൊരാൾ)*

ലിംഗ സമത്വവും സാഹോദര്യവും പുലരുന്ന ഇന്ത്യ

*(എല്ലാവരും ചേർന്ന്)*

അതാണ് നാം ആഗ്രഹിച്ചത് അത്തരമൊരു ഇന്ത്യക്കായി നമുക്കൊരുമിച്ചു കൈകോർക്കാം.
കേരള ശാസ്ത്രസാഹിത്യപരിഷത്ത് എന്നും ജനങ്ങൾക്കൊപ്പം
(ഭരണഘടന ആശയങ്ങൾ ഉയർത്തുന്ന കവിത)

വി.. ദ പീപ്പിൾ ഓഫ് ഇന്ത്യ
നമ്മളാ ജനങ്ങൾ... നമ്മൾ ജനങ്ങൾ
നമ്മൾ ജനങ്ങൾ ജനങ്ങൾ
നമ്മൾ ജനങ്ങൾ
ഭരണഘടനയാണതിന്റെ
ബോധമണ്ഡലം
അറിവിനുറവയായ് ഞരമ്പി
ലോടുമൂർജദായിനി....
പലമകളെ കണ്ണി ചേർത്തൊ
രിന്ത്യയെന്ന സ്വപ്നമായ്
ഭരണഘടന നെയ്ത
സർഗ്ഗചേതനയ്ക്കു വന്ദനം
നമുക്ക് വേണ്ടി നമ്മൾ തന്നെ
സമ്മതിച്ചു നിയമമാക്കി
നമ്മൾ നമുക്കായ് തന്നെ
സമർപ്പിച്ച വെളിച്ചം
സ്ഥിതി സമത്വവും ജനാധി
പത്യവും മതേതരത്വ
വും പുലരുമിന്ത്യയെന്ന
സ്വപ്നഭൂപടം വരച്ചു
നമ്മളോടു നമ്മൾത്തന്നെ
സമ്മതിച്ചു നിയമമാക്കി
നമ്മൾ നമുക്കായ്ത്തന്നെ
സമർപ്പിച്ച വെളിച്ചം
ഏതു ജാതിയേതുമതം ഏതുലിംഗമാകിലും
ഏതുവർണ, മേതുഭാഷ, യേതു ദേശമാകിലും
ഇന്ത്യയിൽ മനുഷ്യരായ് ജനിച്ചവർക്കൊ
രൊറ്റ നീതി, സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം
ചിന്തയിലും വിശ്വാസത്തിലു
മാവിഷ്കാരങ്ങളിലും
മതനിഷ്ഠയി, ലാരാധനയിൽ
സ്വാതന്ത്ര്യം, സഹവർത്തിത്വം
രാഷ്ട്രത്തിൻ ഐക്യമഖണ്ഡത
വ്യക്തികളുടെ അന്തസ്സും

ഒരുപോലെ ഉറപ്പു വരുത്തും
ജനതതിയുടെ സാഹോദര്യം
ഇതു നമ്മളിലെല്ലാവരിലും
അന്യോനമുറപ്പുവരുത്താൻ
നാം ചെയ്തൊരു ദൃഢനിശ്ചയമാം
ഘടനകളീ ഭരണഘടനയിൽ
ഇതു തുന്നിക്കൂട്ടി എടുത്തത്
ചരടല്ല പശക്കൂട്ടല്ല
ഇതിലെഴുതിയ വാക്കുകളൊന്നും
നിറമല്ല മഷിക്കൂട്ടല്ല
നൂറ്റാണ്ടുകൾ പല പല ദേശം
പല പോരാട്ടങ്ങളിൽ ചിന്തിയ
ചുടുചോര നിലാവിൽ തെളിയും
സ്വാതന്ത്ര്യ സമരാവേശം
ഇതു നമ്മൾ വരും തലമുറകൾ
ക്കിതിലേറെ മഹത്തരമായി
കൈമാറണതിനായ് നാമിത്
കനലൂതി എരിച്ചേ നിർത്തുക

• • •


| | |
|---|---|
| മലയാളം | Malayalam |
| നമ്മൾ ജനങ്ങൾ | Nammal Jenangal |
| (കലാജാഥ സ്ക്രിപ്റ്റ്) | Kalajadha script |
| ഒന്നാം പതിപ്പ് | First Edition |
| ഫെബ്രുവരി 2019 | February 2019 |
| പ്രസാധനം, വിതരണം : | Published & Distributed by : |
| കേരള ശാസ്ത്രസാഹിത്യ പരിഷത്ത് | Kerala Sasthra Sahithya Parishath |
| തൃശ്ശൂർ - 680004 | Thrissur - 680004 |
| ഇ - മെയിൽ : | E - Mail : |
| publicationkssp@gmail.com | publicationkssp@gmail.com |
| അച്ചടി : | Printed at : |
| തെരേസ്സ ഓഫ്സെറ്റ് പ്രിന്റേഴ്സ്, | Theressa Offset Printers, |
| അങ്കമാലി | Angamaly |

വില : 20.00

KSSP 2487 I E Feb 2019 D 1/8 10K 2000 LL 2/19